പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2226 | 8.07.2015- ൽ മറുപടി നല്കേണ്ടത്. |

## ഭക്ഷ്യ വസ്തുക്കളിൽ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവയിൽ അപകടകരമാം വിധം മായം കലർന്നതാണെന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവ നിശ്ചിത ഗുണനിലവാരം പുലർത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച്ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഏതെല്ലാം കമ്പനികളുടെ പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവയിലാണ് അപകടകരമായ വിധത്തിൽ മായം കലർന്നതെന്ന് വിശദമാക്കാമോ ; | ബി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന 14 ബ്രാൻഡ് വെളിച്ചെണ്ണ നിശ്ചിത ഗുണനിലവാരം പുലർത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അപകടകരമായ വിധത്തിൽ മായം കലർന്നതാണെന്ന് രീതീയിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | |
| സി) | ഭക്ഷ്യവസ്തുക്കളിൽ ശരീരത്തിന് ദോഷകരമായ മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടി ലാബിൽ ലഭ്യമല്ലാത്ത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി സ്പൈസസ് ബോർഡ് ലാബ്, വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബ് , സി.എഫ്.ആർ.ഡി ലാബ്, വെറ്ററിനറി സർവ്വകലാശാലാ ലാബ് , സിഫ്റ്റ്, സി.ഇ.പി.സി, നാളികേര വികസന ബോർഡ് , ഇന്റർഫീൽഡ്, സ്റ്റെർലിംഗ് എന്നിവയുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ